## 1257

*രീതി: മരണമേ വിഷമെങ്ങു*

ദേവേശാ, അധികമായ് ആശീർവദിക്ക വധൂവരരിവരെ-മഹേശാ
കുതുകമായ് ഒന്നായ് വസിപ്പാൻ ഇതുമുതൽ തുടരെ

1 ആദാമും ഹവ്വയും ചേർന്നു-സമ്മോദം ഏദനിലാർന്നു
അതുപോൽ ആധികൾ തീർന്നു വസിപ്പാൻ-

2 പ്രത്യാശ, സ്നേഹം, വിശ്വാസം ഇവയാൽ
നിത്യമാശ്വാസം-ലഭിച്ചു ക്രിസ്തുവിൽ വാസം ചെയ്തിടാൻ-

3 യഹോവെ സേവിക്കും ഞാനെൻ-കുടംബ
സഹിതമന്യൂനം-എന്നരുളി യോശ്വയെന്നോണം-വസിപ്പാൻ- **T.K.S.**